# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/268/2018 2018 ഡിസംബർ 13

## വാർത്താക്കുറിപ്പ് 1

---

**ഒന്നാമത്തെ പത്രക്കുറിപ്പിൽ പ്രോ-വൈസ് ചാൻസലറായ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി എന്ന് തെറ്റായാണ് ചേർത്തിരുന്നത്. പ്രോ-ചാൻസലറായ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി എന്നു തിരുത്തണമെന്ന് അഭ്യർഥിക്കുന്നു.**

**ടി. പത്മനാഭനും എം .എ. യൂസഫ് അലിക്കും മഹാത്മാഗാന്ധി സർവകലാശാല ഓണററി ഡോക്ടറേറ്റ് സമ്മാനിച്ചു**

## ടി. പത്മനാഭന്റെയും എം.എ. യൂസഫ് അലിയുടെയും സംഭാവനകൾ സമൂഹത്തെ സമ്പന്നമാക്കുന്നു: ഗവർണർ

ടി. പത്മനാഭൻ അക്ഷരങ്ങളിലൂടെ സാഹിത്യത്തിലും എം .എ. യൂസഫ് അലി നവീനാശയങ്ങളിലൂടെ വ്യവസായസംരംഭകത്വത്തിലും പുതുസാമ്രാജ്യം കെട്ടിപ്പെടുത്തവരാണെന്ന് ചാൻസലറായ ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം പറഞ്ഞു . പ്രശസ്ത സാഹിത്യകാരൻ ടി . പത്മനാഭനും പ്രമുഖ വ്യവസായി എം.എ. യൂസഫ് അലിക്കും മഹാത്മാഗാന്ധി സർവകലാശാലയുടെ ഓണററി ഡോക്ടറേറ്റ് സമ്മാനിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഇരുവരും നൽകിയ സംഭാവനകൾ ഭാവി സമൂഹത്തെ സമ്പന്നമാക്കുന്നതാണ് . അനിവാര്യമെന്ന് തോന്നുമ്പോഴാണ് ടി . പത്മനാഭൻ കഥകൾ എഴുതുന്നത് . നൂറ്റിഅറുപതോളം കഥകൾ കൊണ്ട് സാഹിത്യത്തിൽ ചിരപ്രതിഷ്ഠനേടി. ദിവ്യമായ സ്നേഹത്തിന്റെ മാന്ത്രിക ശോഭയാണ് 'പ്രകാശം പരത്തുന്ന പെൺകുട്ടി'യിൽ തുടങ്ങി 'ഗൗരി'യിലൂടെ 'മരയ' വരെ നീളുന്ന സൃഷ്ടികളിൽ കാണുന്നത് . മനുഷ്യവികാരങ്ങളുടെ സൗന്ദര്യവും നിഗൂഢതയും അക്ഷരങ്ങളിലൂടെ അനശ്വരമാക്കി . 34,000 പേർക്ക് ഉപജീവനമേകുന്ന വ്യവസായ സാമ്രാജ്യം കെട്ടിപ്പടുക്കാൻ കഴിഞ്ഞ എം .എ. യൂസഫ് അലി കേരളത്തിന്റെ വ്യവസായവത്കരണത്തിൽ നിർണായകപങ്കു വഹിച്ചിട്ടുണ്ട്. വിദേശനിക്ഷേപം രാജ്യത്തേക്ക് ആകർഷിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു . ദേശങ്ങൾക്കും മതങ്ങൾക്കും അതീതമായി ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ യൂസഫ് അലിക്കു കഴിഞ്ഞെന്നും അദ്ദേഹം പറഞ്ഞു.

ടി. പത്മനാഭന്റെ കഥകൾ യഥാർഥ അനുഭവങ്ങളിൽ വേരൂന്നിയതാണെന്നും മലയാള ചെറുകഥയുടെ പ്രയാണഗതിയെ മാറ്റിമറി ച്ചെന്നും പ്രോ-ചാൻസലറായ ഉന്നതവിദ്യാഭാസ വകുപ്പ് മന്ത്രി ഡോ . കെ.ടി. ജലീൽ പറഞ്ഞു. മലയാളത്തിന്റെ എക്കാലത്തെയും അഭിമാനമാണദ്ദേഹം . മാന്ത്രികസ്പർശമുള്ള തൂലികയുടെ ഉടമയായ *അദ്ദേഹ*ത്തിന്റെ ലോകോത്തര ചെറുകഥകൾ വായനക്കാരനെ ജീവിതനൈരാശ്യങ്ങളിൽ നി ന്ന്

പ്രതീക്ഷയുടെ മാന്ത്രികലോകത്തേക്ക് നമ്മളെ നയിക്കുന്നു . കഥാരചനയിലെ യൗവനം അദ്ദേഹം കാത്തുസൂക്ഷിക്കുന്നു. വിദേശ ഇന്ത്യക്കാർ നേരിടുന്ന വിവിധ പ്രശ് നങ്ങൾക്ക് പരിഹാരം കാണുന്നതിൽ എം.എ. യൂസഫ് അലി മുഖ്യപങ്കുവഹിച്ചിട്ടുണ്ടെന്നും 'പശ്ചിമേഷ്യയിലെ ഇന്ത്യയുടെ അനൗദ്യോഗിക അംബാസഡറെന്ന' പേര് ആർജ്ജിക്കാനായെന്നും മന്ത്രി പറഞ്ഞു . സ്വന്തംസ്വത്ത് നിരാശ്രയർക്കു കൂടി പങ്കു വയ്ക്കപ്പെടേണ്ടതെന്ന് പ്രവർത്തനത്തിലൂടെ തെളിയിച്ചയാളാണ് യൂസഫ് അലിയെന്നും അദ്ദേഹം സൂചിപ്പിച്ചു.

സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ബഹുമതിപത്രം വായിച്ചു. രജിസ്ട്രാർ എം.ആർ. ഉണ്ണി പങ്കെടുത്തു.

സർവകലാശാല ഗസ്റ്റ് ഹൗസിലെത്തിയ ഗവർണറെയും മന്ത്രിയെയും വിശിഷ്ടാതിഥികളെ യും സർവകലാശാല വൈസ് ചാൻസലർ പ്രൊഫ . സാബു തോമസിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു . ഗവർണറടക്കമുള്ള വിശിഷ്ടവ്യക്തികളെ അക്കാദമിക് ഘോഷയാത്രയോടെയാണ് വേദിയിലേക്ക് ആനയിച്ചത്. ബിരുദദാനച്ചടങ്ങിന് പ്രത്യേക സ്ഥാനവസ്ത്രങ്ങളിഞ്ഞാണ് ഗവർണറും വിശിഷ്ടവ്യക്തികളും ചടങ്ങിൽ പങ്കെടുത്ത ത്. സിൻഡിക്കേറ്റ്, സെനറ്റ്, അക്കാദമിക് കൗൺസിൽ അംഗങ്ങൾ , വിദ്യാർഥികൾ, ജീവനക്കാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**എ. അരുൺ കുമാർ**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/269/2018 2018 ഡിസംബർ 13

# വാർത്താക്കുറിപ്പ് 3

---

**പരീക്ഷകൾ മാറ്റി**

മഹാത്മാ ഗാന്ധി സർവകലാശാല ഇന്ന് (ഡിസംബർ 14) നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

**പരീക്ഷഫലം**

2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്‌സി. സൈബർ ഫോറൻസിക് സി.ബി.സി.എസ്.എസ്. (മോഡൽ III - 2017 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 28 വരെ അപേക്ഷിക്കാം.

**എ. അരുൺ കുമാർ**

**പബ്ലിക് റിലേഷൻസ് ഓഫീസർ**